സ്റ്റേ കാരണം ഒരു പദ്ധതിയുടേയും റിവൈസ്ഡ് എസ്റ്റിമേറ്റ് അനുമതി ലഭിക്കാത്തതുകൊണ്ട് 12 പദ്ധതികളുടേയും സ്ഥലം സംബന്ധമായ തർക്കംമൂലം 2 പദ്ധതികളുടേയും പണി പുരോഗമിച്ചിട്ടില്ല.

85 (1997) ആറാട്ടുപുഴ ഐക്കാട് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറൻമുള നിയോജകമണ്ഡലത്തിലെ ആറാട്ടുപുഴ ഐക്കാട് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ നമ്പർ-II പമ്പ് പ്രവർത്തിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പമ്പ് പ്രവർത്തിക്കാത്തതിന്റെ ഭാഗമായി ആറാട്ടുപുഴ - മാലക്കര പ്രദേശത്തെ 20 ഹെക്ടർ ഭാഗത്ത് പുഞ്ചക്കൃഷി ചെയ്യാൻ കഴിയുന്നില്ല എന്ന് അറിയാമോ ;

(സി) വളരെയേറെ കർഷകരെ ദോഷകരമായി ബാധിക്കുന്ന ഈ സ്ഥിതിവിശേഷം ഒഴിവാക്കി എത്രയും പെട്ടെന്ന് പമ്പ് പ്രവർത്തിപ്പിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അറിയാം.

(സി) പമ്പിന്റെ പ്രവർത്തനം പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

മൂവാറ്റുപുഴവാലി ഇറിഗേഷൻ പ്രോജക്ട്

86 (1998) ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ടിൽ കമ്മ്യൂണിക്കേഷൻ ലിങ്ക് റോഡുകളുടെ നിർമ്മാണം ഏറ്റെടുത്തിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതൊക്കെ നിയോജകമണ്ഡലത്തിലാണ് ഇപ്രകാരം നിർമ്മാണം ഏറ്റെടുത്തിട്ടുള്ളത് ;

(സി) ഇപ്രകാരം ഏറ്റെടുത്തിട്ടുള്ള റോഡുകളുടെ എണ്ണവും, ഇതിന് ഓരോന്നിനും ചെലവാക്കുന്ന തുകയും വെളിപ്പെടുത്തുമോ ;

(ഡി) കനാലിന്റെ നിർമ്മാണത്തോടെ യാത്രാസൗകര്യം ഇല്ലാതായ സ്ഥലങ്ങളിൽ കമ്മ്യൂണിക്കേഷൻ ലിങ്ക് റോഡുകൾ നിർമ്മിച്ചുകൊടുക്കുമോ എന്ന് അറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly